**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1743** **15-03-2022 - ൽ മറുപടിയ്ക്ക്**

**സർവകലാശാല ജീവനക്കാരുടെ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സണ്ണി ജോസഫ് | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർവ്വകലാശാലകൾക്ക് ജീവനക്കാരുടെ പെൻഷൻ ബാധ്യത തനത് ഫണ്ടിൽ നിന്നും നിറവേറ്റണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന് അടിസ്ഥാനമായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | സർവ്വകലാശാലകൾ ജീവനക്കാരുടെ പെൻഷൻ ബാധ്യത തനത് ഫണ്ടിൽ നിന്നും കൂടി നിറവേറ്റണമെന്ന് 24/06/2021 തീയതിയിലെ സ.ഉ.(അ) നം.87/2021/ധന ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന് അടിസ്ഥാനമായ സാഹചര്യം 19/01/2022-ലെ സ.ഉ.(പി) 8/2022/ധന ഉത്തരവിൽ വിശദീകരിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കേരളത്തിലെ സർവ്വകലാശാലകളുടെ തനതു വരുമാനത്തിൽ എന്തൊക്കെ കാര്യങ്ങളാണ് ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | വിദ്യാർത്ഥികളുടെ പക്കൽ നിന്നും ഈടാക്കുന്ന അക്കാദമിക്, എക്സാമിനേഷൻ, ലൈബ്രറി, ഹോസ്റ്റൽ എന്നീ ഇനങ്ങളിൽ ഉള്ള ഫീസ്, സ്ഥാപനങ്ങളുടെ അഫിലിയേഷൻ ഫീസ്, സ്റ്റുഡന്റ്സ് അഡ്മിനിസ്ട്രേഷൻ ഫീസ്, വിദ്യാർത്ഥികളിൽ നിന്നുള്ള അഫിലിയേഷൻ & മട്രിക്കുലേറ്റ് രജിസ്ട്രേഷൻ ഫീസ്, ലേറ്റ് ഫീസ്, കോളേജ് ട്രാൻസ്ഫർ ഫീസ്, ആൻസർ സ്ക്രിപ്റ്റ് കോപ്പി രജിസ്ട്രേഷൻ ഫീസ്, റീവാല്യൂ വേഷൻ രജിസ്ട്രേഷൻ ഫീസ്, സ്ഥാപനങ്ങ ളുടെ രജിസ്ട്രേഷൻ ഫീസ്, അഫിലിയേഷൻ സബ്മിഷൻ, വിദ്യാർത്ഥികളുടെ ആർട്സ് ഫീസ്, വിദ്യാർത്ഥികളുടെ സ്പോർട്സ് & ടെക് ആക്ടിവിറ്റികൾ, ഇൻസ്പെക്ഷൻ ഫീസ്, ഡിഗ്രി സർട്ടിഫിക്കറ്റിനായുള്ള ഫീസ് (ഫാസ്റ്റ്), ഡിഗ്രി സർട്ടിഫിക്കറ്റി നായുള്ള ഫീസ് (എക്സ്പ്രസ്സ്), ഡിഗ്രി സർട്ടി ഫിക്കറ്റിനായുള്ള ഫീസ് (സാധാരണം), ഒഫിഷ്യൽ ട്രാൻസ്ക്രിപ്റ്റ് ഫീസ്, സി.ജി.സി. ഫീസ്, പ്രൊവിഷണൽ സർട്ടിഫിക്കറ്റിനുള്ള ഫീസ്, അറ്റസ്റ്റേഷൻ & ജെനുവിനസ് ഫീസ്, പുതിയ വിദ്യാർത്ഥികൾക്കുള്ള ആപ്ലിക്കേഷൻ ഫീസ്, കോഴ്സ് ഫീസ്/Ph.D സ്കോളേഴ്സ്, ഫിക്സഡ് ഡെപ്പോസിറ്റിലും സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നുമുള്ള ആദായം, സീറ്റ് വർദ്ധനവ്, മാർജിനൽ ഇൻക്രീസ്, പുതിയ കോഴ്സുകൾ എന്നിവ സംബന്ധിച്ച് |

| | | | |
|---|---|---|---|
| | | | സർവ്വകലാശാല ഈടാക്കുന്ന ഫീസ്, വിദൂരവിദ്യാഭ്യാസം മുഖേന നടത്തുന്ന കോഴ്സുകളിൽ നിന്നും ഫീസ് ഇനത്തിലും മറ്റിനങ്ങളിലും ഉള്ള മിച്ച വരുമാനം, സർവ്വകലാശാല നടത്തുന്ന കോസ്റ്റ് ബേസ്ഡ് കോഴ്സുകളിൽ നിന്നുള്ള മിച്ചവരുമാനം, സർവ്വകലാശാല അതിഥി മന്ദിരം, ജീവനക്കാരുടെ ക്വാർട്ടേഴ്സ്, മറ്റു കെട്ടിടങ്ങൾ എന്നിവയിൽ നിന്നുള്ള വാടക, ഉപയോഗശൂന്യമായ വസ്തുക്കളുടെ വില്പന തുടങ്ങിയ ഇനങ്ങളിൽ ലഭ്യമാകുന്ന വരുമാനം തുടങ്ങിയവയാണ് സർവ്വകലാശാലകളുടെ മുഖ്യ തനതു വരുമാനം. |
| (സി) | പെൻഷൻബാധ്യത തനതു വരുമാനത്തിൽ നിന്ന് നിറവേറ്റപ്പെടുന്നതിനായി സർവ്വകലാശാലകൾ വിദ്യാർഥികളുടെ ഫീസ് ഉയർത്തുന്നതിലൂടെ വിദ്യാർഥികൾ പ്രതിസന്ധിയിലാകുന്നത് തടയുന്നതിനായി എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | പെൻഷൻ ബാധ്യത തനതു വരുമാനത്തിൽ നിന്നും നിറവേറ്റപ്പെടുന്നതിനായി സർവ്വകലാശാലകൾ വിദ്യാർത്ഥികളുടെ ഫീസ് ഉയർത്തിയിട്ടില്ല. |
| (ഡി) | വിദ്യാർത്ഥികളുടെ പൊതുതാൽപര്യം സംരക്ഷിക്കുന്നതിനായി സർവ്വകലാശാല ജീവനക്കാരുടെ പെൻഷൻ പരിഷ്കരണ ബാധ്യത സർക്കാർ ഏറ്റെടുക്കുന്നതിനു തയ്യാറാകുമോ; വിശദാംശം നൽകുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പകർപ്പ്

**കേരള സർക്കാർ**

**സംഗ്രഹം**

കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും പെൻഷൻ ഫണ്ട് രൂപീകരിക്കുന്നത് സംബന്ധിച്ച് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**സ.ഉ(അച്ചടി) നം.8/2022/ധന** **തിരുവനന്തപുരം, തീയതി:19/01/2022**

---

പരാമർശം : ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗം, നിയമ വകുപ്പ് , കേരളത്തിലെ എല്ലാ സർവ്വകലാശാല രജിസ്ട്രാർമാർ എന്നിവരുമായി ധനകാര്യ (പെൻഷൻ) വകുപ്പ് അഡീഷണൽ സെക്രട്ടറി 23.01.2020-ന് സംഘടിപ്പിച്ച യോഗം.

**ഉത്തരവ്**

കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും പെൻഷൻ ഫണ്ട് രൂപീകരിക്കുന്നത് സംബന്ധിച്ച് പരാമർശം പ്രകാരം യോഗം സംഘടിപ്പിക്കുകയുണ്ടായി. യോഗത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം പെൻഷൻ ഫണ്ട് രൂപീകരിക്കണമെന്ന് വിവിധ സർവ്വകലാശാല ആക്ടിൽ വ്യവസ്ഥകൾ ഉണ്ടെങ്കിലും കേരളത്തിലെ ഒരു സർവ്വകലാശാലയും പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല എന്ന് സർക്കാരിന് വ്യക്തമായി. പെൻഷൻ ഫണ്ട് രൂപീകരിക്കാത്ത പക്ഷം ഭാവിയിൽ പെൻഷൻ വിതരണം തടസ്സപ്പെടാൻ ഇടയാകും എന്നതിനാൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ നൽകുന്ന ആവശ്യത്തിലേക്കായി എല്ലാ സർവ്വകലാശാലകളിലും താഴെ പറയുന്ന രീതിയിൽ ഒരു പെൻഷൻ ഫണ്ട് രൂപീകരിക്കണമെന്ന് ഉത്തരവാകുന്നു.

1. സർവ്വകലാശാല രൂപീകൃതമായ വർഷം മുതൽ പെൻഷൻ ഫണ്ട് നിലവിൽ വന്നതായി കണക്കാക്കി ഒരു നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതാണ്.
2. പെൻഷൻ ഫണ്ട് പരിപാലിക്കുന്നതിനായി താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു ബോർഡ് രൂപീകരിക്കേണ്ടതാണ് :

   i. ഫിനാൻസ് ഓഫീസർ (University concerned)/ കൺട്രോളർ ഓഫ് ഫിനാൻസ്/ ഫിനാൻസ് വിഭാഗം മേധാവി (ബന്ധപ്പെട്ട സർവ്വകലാശാലയിലെ ചട്ടങ്ങളിലെ പോലെ)
   ii. ജോയിന്റ് ഡയറക്ടർ, സർവ്വകലാശാല ഓഡിറ്റ് വകുപ്പ്
   iii. ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രതിനിധി (not below the rank of Deputy Secretary)

iv. ധനകാര്യ വകുപ്പ് പ്രതിനിധി (not below the rank of Deputy Secretary)

ടി ബോർഡ് ആറു മാസത്തിൽ ഒരിക്കൽ യോഗം ചേരേണ്ടതും പെൻഷൻ ഫണ്ടിലേക്ക് വരവ് ചെയ്യുന്നതും ഫണ്ടിൽ നിന്നും ചെലവ് ചെയ്യുന്നതുമായ കണക്കുകൾ പരിശോധിക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്.

3. പെൻഷൻ ഫണ്ടിലേക്ക് വരവ് ചെയ്യേണ്ട തുകകൾ

i. സ്റ്റാറ്റ്യൂട്ടറി പെൻഷൻ/നാഷണൽ പെൻഷൻ സ്കീമിൽ (NPS) ഉൾപ്പെട്ട എല്ലാ ജീവനക്കാരുടെയും ശമ്പള സ്കെയിലിന്റെ മാക്സിമത്തിന്റെ 25% തുക എല്ലാ കലണ്ടർ മാസത്തിലും 10 ആം തീയതിയ്ക്കകം ഫണ്ടിലേക്ക് മാറ്റേണ്ടതാണ്. ടി തുകയിൽ 10% സംസ്ഥാന വിഹിതമായി പ്രതിവർഷം സർക്കാർ നൽകുന്ന ഗ്രാന്റിൽ നിന്നും വരവ് വെക്കേണ്ടതും ശേഷിക്കുന്ന 15% തുക സർവ്വകലാശാലകൾ അവരുടെ സ്വന്തം ഫണ്ടിൽ നിന്ന് കണ്ടെത്തേണ്ടതുമാണ്.
ii. പെൻഷൻ ആവശ്യങ്ങൾക്കായി നിലവിൽ സർവ്വകലാശാല മാറ്റി വെച്ചിരിക്കുന്ന തുക ടി ഫണ്ടിലേക്ക് മാറ്റേണ്ടതാണ്.
iii. സർവ്വകലാശാല ജീവനക്കാർ അന്യത്ര സേവനത്തിൽ പോകുമ്പോൾ ലഭിക്കുന്ന പെൻഷൻ കോൺട്രിബ്യൂഷൻ ടി ഫണ്ടിലേക്ക് വരവ് ചെയ്യേണ്ടതാണ്.
iv. പെൻഷൻ നിർവ്വഹണ ആവശ്യത്തിലേക്കു സംസ്ഥാന / കേന്ദ്ര സർക്കാർ, മറ്റു ഏജൻസികൾ എന്നിവയിൽ നിന്നും ലഭിക്കുന്ന തുകകൾ ടി ഫണ്ടിലേക്ക് വരവ് ചെയ്യേണ്ടതാണ്.

4. പെൻഷൻ ഫണ്ടിൽ നിന്നും ചെലവ് നടത്താവുന്ന ഇനങ്ങൾ

i. സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ പെൻഷൻ, ക്ഷാമാശ്വാസം, ക്ഷാമാശ്വാസ കുടിശ്ശിക, ഡി സി ആർ ജി, അനുതാപ ബത്ത, പെൻഷൻ കമ്മ്യൂട്ടേഷൻ, ടെർമിനൽ സറണ്ടർ, കുടുംബ പെൻഷൻ, പെൻഷൻ പരിഷ്കരണ കുടിശ്ശിക.
ii. നാഷണൽ പെൻഷൻ സ്കീമിൽ ഉൾപ്പെട്ട ജീവനക്കാരുടെ സർവ്വകലാശാല അടവാക്കേണ്ട NPS വിഹിതം.
iii. നാഷണൽ പെൻഷൻ സ്കീമിൽ ഉൾപ്പെട്ട ജീവനക്കാർക്ക് സർക്കാർ കാലാകാലങ്ങളിൽ അനുവദിക്കുന്ന വിരമിക്കൽ ആനുകൂല്യങ്ങൾ, ജീവനക്കാരുടെ ആശ്രിതർക്ക് അനുവദിക്കുന്ന സമാശ്വാസ ധനസഹായം

5. പെൻഷൻ ഫണ്ടിലേക്ക് വരവ്/ചെലവ് ഇനങ്ങളിൽ കൂട്ടിച്ചേർക്കലുകൾ, ഒഴിവാക്കലുകൾ എന്നിവ നടപ്പാക്കുന്നതിന് പെൻഷൻ ഫണ്ട് ബോർഡിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ അനുമതിയോടു കൂടി സിൻഡിക്കേറ്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതാണ്.

6. പെൻഷൻ ഫണ്ടിനായി ഒരു പ്രത്യേക TSB account ട്രഷറിയിൽ ആരംഭിക്കേണ്ടതാണ്. ഈ ആവശ്യത്തിനായി നേരത്തെ ആരംഭിച്ച bank a/c, TSB a/c (if any) എന്നിവ close ചെയ്ത് ആയതിലെ തുകകൾ പെൻഷൻ ഫണ്ടിനായി ആരംഭിച്ച TSB-ലേക്ക് വരവ് ചെയ്യേണ്ടതുമാണ്.

7. പെൻഷൻ ഫണ്ടിനായി വക കൊള്ളിച്ചിട്ടുള്ള തുക സർക്കാരിന്റെ അനുമതിയോടു കൂടി ഉയർന്ന പലിശ ലഭിക്കുന്ന ബാങ്ക് / ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിക്ഷേപിക്കുന്നതിന് പെൻഷൻ ഫണ്ട് ബോർഡിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ സിൻഡിക്കേറ്റിന് തീരുമാനം കൈകൊള്ളാവുന്നതാണ്. ഇങ്ങനെ ലഭിക്കുന്ന പലിശ പെൻഷൻ ഫണ്ടിലേക്ക് വരവ് ചെയ്യേണ്ടതാണ്.

8. പെൻഷൻ വിതരണത്തിന് പണത്തിന്റെ ലഭ്യത കുറവ് നേരിടുന്ന സന്ദർഭങ്ങളിൽ സർക്കാരിന്റെ അനുമതിക്ക് വിധേയമായി പെൻഷൻ ഫണ്ട് ബോർഡിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബാങ്ക് / സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും കുറഞ്ഞ പലിശക്ക് പണം കടം കൊള്ളാവുന്നതാണ്. ടി പലിശ പെൻഷൻ ഫണ്ടിൽ നിന്നും ചെലവ് ചെയ്യാവുന്നതാണ്.

9. ഓരോ വർഷവും സർവ്വകലാശാലക്കു grant-in-aid റിലീസ് ചെയ്യുന്നതിന് മുൻപ് പെൻഷൻ ഫണ്ടിലെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ വരവ് / ചെലവ് കണക്കുകൾ സർവ്വകലാശാല ഓഡിറ്റ് വിഭാഗം ഓഡിറ്റ് ചെയ്ത്, ജോയിന്റ് ഡയറക്ടർ സാക്ഷ്യപ്പെടുത്തി ധനകാര്യ വകുപ്പ് പരിശോധിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**സഞ്ജയ്.എം.കൗൾ**

സെക്രട്ടറി (ധനകാര്യ വ്യയം)

**പകർപ്പ് :**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II), കേരളം, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം

രജിസ്ട്രാർ, എ പി ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാല, സി.ഇ.റ്റി ക്യാമ്പസ്, തിരുവനന്തപുരം

രജിസ്ട്രാർ, എം.ജി. സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ. അതിരംപുഴ, കോട്ടയം 686 560

രജിസ്ട്രാർ, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി, കൊച്ചി - 682022

രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, എറണാകുളം 683 574

രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര പി.ഒ, തൃശ്ശൂർ 680 656.

രജിസ്ട്രാർ, കാലിക്കറ്റ് സർവ്വകലാശാല, തേഞ്ഞിപ്പാലം, മലപ്പുറം 673635

രജിസ്ട്രാർ, കണ്ണൂർ സർവ്വകലാശാല, താവക്കര, സിവിൽ സ്റ്റേഷൻ പി.ഒ, കണ്ണൂർ - 670002

രജിസ്ട്രാർ, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല, മെഡിക്കൽ കോളേജ് പി ഒ, തൃശ്ശൂർ - 680596

രജിസ്ട്രാർ, ശ്രീ നാരായണ ഗുരു വിദൂര സർവ്വകലാശാല, കരീപ്പുഴ, കൊല്ലം ബൈ പാസ് റോഡ് - 691601

രജിസ്ട്രാർ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല, ടിപ്പു സുൽത്താൻ റോഡ്, മലപ്പുറം - 676502

രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി - 682506

രജിസ്ട്രാർ, കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല (KVASU) പൂക്കോട്, ലക്കിടി പി.ഒ വയനാട് - 673 576.

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ജോയിന്റ് ഡയറക്ടർ, കേരള സർവ്വകലാശാല ഓഡിറ്റ്, കേരള സർവ്വകലാശാല, തിരുവനന്തപുരം

ജോയിന്റ് ഡയറക്ടർ, എം.ജി. സർവ്വകലാശാല ഓഡിറ്റ്, എം.ജി. സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ അതിരംപുഴ, കോട്ടയം 686 560

ജോയിന്റ് ഡയറക്ടർ, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി ഓഡിറ്റ്, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി, കൊച്ചി - 682022

ജോയിന്റ് ഡയറക്ടർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ഓഡിറ്റ്, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, എറണാകുളം 683 574

ജോയിന്റ് ഡയറക്ടർ, കേരള കാർഷിക സർവ്വകലാശാല ഓഡിറ്റ്, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര പി.ഒ. തൃശ്ശൂർ 680 656

ജോയിന്റ് ഡയറക്ടർ, കാലിക്കറ്റ് സർവ്വകലാശാല ഓഡിറ്റ്, കാലിക്കറ്റ് സർവ്വകലാശാല, തേഞ്ഞിപ്പാലം, മലപ്പുറം 673635

ജോയിന്റ് ഡയറക്ടർ, കണ്ണൂർ സർവ്വകലാശാല ഓഡിറ്റ്, കണ്ണൂർ സർവ്വകലാശാല, താവക്കര,സിവിൽ സ്റ്റേഷൻ പി.ഒ, കണ്ണൂർ 670002

ജോയിന്റ് ഡയറക്ടർ, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ഓഡിറ്റ്, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല, മെഡിക്കൽ കോളേജ് പി ഒ,തൃശ്ശൂർ - 680596

ജോയിന്റ് ഡയറക്ടർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷൻ സ്റ്റഡീസ് ഓഡിറ്റ്, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി - 682506

ജോയിന്റ് ഡയറക്ടർ, കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല ഓഡിറ്റ്, കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല (KVASU), പൂക്കോട്, ലക്കിടി പി.ഒ വയനാട് - 673 576.

ജോയിന്റ് ഡയറക്ടർ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ഓഡിറ്റ്, തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല, ടിപ്പു സുൽത്താൻ റോഡ്, മലപ്പുറം - 676502

ജോയിന്റ് ഡയറക്ടർ, എ പി ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാല ഓഡിറ്റ്, എ പി ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാല, സി.ഇ.റ്റി ക്യാമ്പസ്, തിരുവനന്തപുരം

ധനകാര്യ (എഡ്യൂ - സി) വകുപ്പ്

ധനകാര്യ (പി.യു-ബി) വകുപ്പ്

ധനകാര്യ (ഹെൽത്ത് -എ/ബി) വകുപ്പ്

ഉന്നത വിദ്യാഭ്യാസ വകുപ്പ്

നിയമ വകുപ്പ്

കരുതൽ ഫയൽ (1181867/പെൻ - ബി 3/2019 - ധന)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ